പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1929 08.06.2018-ലെ മറുപടിക്ക്

# കെ.എസ്.ആർ.ടി.സി യിൽ ചായ സൽക്കാര ചെലവ്

| ചോദ്യം | ഉത്തരം |
|---|---|
| ഡോ. എം. കെ. മുനീർ | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | നഷ്ടത്തിൽ പ്രവർത്തിക്കുന്ന കെ. എസ്.ആർ.ടി.സി യിൽ ബോർഡ് മീറ്റിംഗിനൊഴികെയുള്ള ചായ സൽക്കാര ചെലവിൽ ക്രമരഹിതമായ വർദ്ധനവ് ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ചായ സൽക്കാര ചെലവിൽ വർദ്ധനവ് ഇല്ല. |
| (ബി) | ബോർഡ് മീറ്റിംഗിനൊഴികെ മറ്റ് എന്തെല്ലാം കാര്യങ്ങൾക്കാണ് ചായ സൽക്കാര ചെലവ് അനിവാര്യമായി വരുന്നത്; വ്യക്തമായ വിവരം വെളിപ്പെടുത്താമോ; | (ബി) | സോണൽ മീറ്റിംഗ് നടത്തുമ്പോഴും, ഇന്റർ സ്റ്റേറ്റ് പെർമിറ്റുമായി ബന്ധപ്പെട്ട ചർച്ചകൾ, ബോർഡ് റൂമിൽ ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ നടക്കുന്ന മീറ്റിംഗുകൾ, അംഗീകൃത, രജിസ്റ്റേർഡ് തൊഴിലാളി സംഘടനാ പ്രതിനിധികളുമായി നടത്തുന്ന ചർച്ചാ യോഗങ്ങളിലും ചായ സൽക്കാരം നടത്തുന്നുണ്ട്. |
| (സി) | കെ.എസ്.ആർ.ടി.സി വക ഫണ്ടിൽ നിന്ന് ചായ സൽക്കാര ഇനത്തിൽ എത്ര തുക വരെ ഏതൊക്കെ ഉദ്യോഗസ്ഥർക്ക് പ്രതിമാസം /വർഷം ചെലവഴിക്കുന്നതിന് അധികാരമുണ്ട്; ഇത് സംബന്ധിച്ച് എന്തെങ്കിലും ഉത്തരവ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കുമോ; | (സി) | ഇതു സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ഡി) | ഇല്ലെങ്കിൽ ഇത് സംബന്ധിച്ചുള്ള അനധികൃത ചെലവ് ഒഴിവാക്കാൻ നിർദ്ദേശം നൽകുമോ? | (ഡി) | ചായ സൽക്കാരത്തിന് നിലവിൽ അധിക ചെലവില്ല. |

സെക്ഷൻ ഓഫീസർ